**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **21.10.2011 ൽ**

**ചോദ്യം നമ്പർ - 496** **മറുപടിക്ക്**

**അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ജോസഫ് വാഴക്കൻ : | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമീണ മേഖലകളിൽ വിവര സാങ്കേതിക വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത് ; | (എ) ഗ്രാമീണ മേഖലകളിൽ വിവരസാങ്കേതികവിദ്യ വികസനത്തിനായി ഇപ്പോൾ തന്നെ 2200 അക്ഷയ സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. അക്ഷയ കേന്ദ്രങ്ങൾ വഴി കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളും Government-to-Citizen (ജി2സി), Business to Consumer (ബി2സി) സേവനങ്ങളും സാധാരണക്കാർക്ക് നൽകുന്നുണ്ട്. എല്ലാ സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ പൈലറ്റ് പ്രോജക്റ്റായി കണ്ണൂരിലും പാലക്കാടും ആരംഭിച്ച ഇ-ജില്ല പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി അക്ഷയ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുമോ ; | (ബി) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും സാധാരണജനങ്ങൾക്ക് അവ ലഭ്യമാക്കുന്നതിനും വേണ്ട എല്ലാ സജ്ജീകരണങ്ങളും അക്ഷയയിൽ ഉണ്ടാക്കുക വഴി അക്ഷയ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംരംഭകർക്ക് പരിശീലനങ്ങൾ നൽകുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) കൂടുതൽ ഐ. ടി. സംരംഭങ്ങൾ ആരംഭിച്ച് ഈ വികസനം ത്വരിതപ്പെടുത്തുമോ ? | സി) ജനങ്ങളിലേക്ക് കൃത്യമായി സേവനങ്ങൾ എത്തിക്കുന്നതിനാവശ്യമായ അക്ഷയ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**